നമ്പർ.എൽ.എഫ്.ഐ-11/ 1327 /2014 തീയതി.15-12-2014

**ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമ പഞ്ചായത്തിന്റെ 2012-13 വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്13, 1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18എന്നിവപ്രകാരം പുറപ്പെടുവിക്കുന്നത്.)**

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട

ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപേരും: ശ്രീ.വർഗ്ഗീസ് ജോസഫ്

ഡെപ്യൂട്ടി ഡയറക്ടർ

**അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ നടത്തി സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം**

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2012-2013 | എൽ.എഫ്.ഐ-3<br>1189(48)13/ 25.2.2014 | വിശേഷണങ്ങളില്ലാത്തത് |

**ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ**

കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2012-2013 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കി,അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതിവിഹിതം,മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനക്ക് വിധേയമാക്കുകയുണ്ടായി.

കാഞ്ചിയാർഗ്രാമ പഞ്ചായത്തിന്റെ 18.11.2013മുതൽ 23.11.2014 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുള്ളപണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം.**

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 24.11.2014മുതൽ 29.11.2014 വരെ | ശ്രീ.ടി.എൽ സാംകുട്ടി, എ.ഒ (ഹ.ഗ്രേ)<br>ശ്രീ.എൻ.വിജയകുമാർ, എ.ഒ<br>ശ്രീ.എം.എസ് രാജീവ്, എ.എ.ഒ.<br>ശ്രീ.ഇ.വി ജിബി, സീനി.ഗ്രേ.ഓഡിറ്റർ<br>ശ്രീ.എം.കെ.അഭിലാഷ്, സീനി.ഗ്രേ.ഓഡിറ്റർ<br>ശ്രീ.ജോമോൻ ഫ്രാൻസിസ്, ഓഡിറ്റർ |

**നിർവ്വഹണാധികാരികൾ**

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി.റോസമ്മ ജെയിംസ് | 01.4.2012മുതൽ 31.3..2013വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. എം.പി ശശികുമാർ | 01.4.2012മുതൽ 07.11.2012 വരെ |
| 2 | ശ്രീ.സാബു ജോൺ | 08.11.2012 മുതൽ 31.03.2013 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.എം.വി കുര്യൻ- | 01.4.2012മുതൽ 31.3.2013വരെ |
| 2 | വികസനകാര്യം | ശ്രീമതി. സൂസമ്മ സാബു- | 01.4.2012മുതൽ 31.3.2013വരെ |
| 3 | ക്ഷേമകാര്യം | ശ്രീ.ഷുഹൈബ് മുള്ളൻകുഴി- | 01.4.2012മുതൽ 31.3.2013വരെ |
| 4 | ആരോഗ്യകാര്യം വിദ്യാഭ്യാസകാര്യം | ശ്രീമതി.സിനി സാബു- | 01.4.2012മുതൽ 31.3.2013വരെ |

4. <u>മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥന്മാർ</u>

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ.ഡാനിയേൽ മാത്യു- | 1.4.2012മുതൽ 15.11.2012 വരെ |
| | | ശ്രീമതി. രശ്മി വിജയൻ- | 16.11.2012മുതൽ 31.3.2013 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ജോസഫൈൻ ഫ്രാൻസിസ്- | 01.4.2012മുതൽ 31.3.2013വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ലില്ലിക്കുട്ടി തോമസ്- | 01.4.2012മുതൽ 31.12.2012വരെ |
| | | ശ്രീമതി. പി.ലളിത- | 01.01.2013മുതൽ 31.03.2013വരെ |
| 4 | വി.ഇ.ഒ | ശ്രീ.ജോസുകുട്ടി മാത്യു- | 01.4.2012മുതൽ 31.3.2013 വരെ |
| 5 | മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.എസ് സുരേഷ്- | 01.4.2012മുതൽ 31.3.2013വരെ |
| 6 | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | ഡോ.എസ്.നിതാ- | 01.4.2012മുതൽ 17.10.2012വരെ |
| | | | 18.10.2012മുതൽ 20.3.2013 വരെ |
| | | ഡോ.എസ്. മനു മോഹൻ- | 21.3.2013 മുതൽ 31.3.2013 വരെ |
| | | ഡോ.ജിൽസൺ.വി.ജോർജ്- | |
| 8 | ഹെഡ് മാസ്റ്റർ ജി.എച്ച്.എസ്.എസ് | ശ്രീ.കെ.വിജയൻ- | 01.4.2012മുതൽ 31.3.2013വരെ |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.എസ്.സാഗരൻ- | 01.4.2012മുതൽ 31.12.2012 വരെ |
| | | ശ്രീ.ജോസഫ് തോമസ്- | 01.1.2013മുതൽ 31.3.2013 വരെ |

<u>റിപ്പോർട്ടിന്റെ ഉള്ളടക്കം</u>

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

**<u>ഭാഗം ഒന്ന്</u>**- പൊതു അവലോകനം.

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**<u>ഭാഗം രണ്ട്</u>**- വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ.

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

**<u>ഭാഗം മൂന്ന്</u>**- ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ.

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

<u>**ഭാഗം നാല്**</u>- ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും.

സാമ്പത്തികനില,ഓഡിറ്റ് പ്രത്യവലോകനം.

<u>**അനുബന്ധ പത്രികകൾ**</u>

1.ഓഡിറ്റ് സർട്ടിഫിക്കറ്റ്

2.ബാലൻസ് ഷീറ്റ്

3.റസീറ്റ് & പെയ്മെന്റ് പത്രിക

4.ഇൻകം& എക്സ്പെൻഡീച്ചർ പത്രിക

# <u>ഭാഗം –1</u>

## <u>പൊതു അവലോകനം</u>

## <u>പൊതു അവലോകനം</u>

### 1-1 കാഞ്ചിയാർ ഗ്രാമ പഞ്ചായത്ത്-പൊതുവിവരങ്ങൾ

| | |
|---|---|
| ജില്ല | ഇടുക്കി |
| താലൂക്ക് | ഉടുമ്പൻചോല |
| ബ്ലോക്ക് | കട്ടപ്പന |
| വിസ്തീർണ്ണം | 64.65 ച.കി.മീ |
| വാർഡുകൾ | 16 |
| ജനസംഖ്യ | 22878 (2001ലെ കണക്ക് പ്രകാരം) |
| പുരുഷന്മാർ | 11400 |
| സ്ത്രീകൾ | 11478 |

### 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ വാർഷിക ബജറ്റിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | അംഗീകരിച്ച തിയതി | തീരുമാന നമ്പർ | വരവ് | ചെലവ് |
|---|---|---|---|---|
| 2012-13 | 12-3-2012 | 1 | 13,39,73,880 | 13,36,31,000 |

### 1-3 വാർഷിക കണക്കുകൾ

-

ഓഡിറ്റ് വർഷത്തെ വാർഷിക കണക്കിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | അംഗീകരിച്ച തിയതി | തീരുമാനം.നം | ഓഡിറ്റിനു ലഭ്യമാക്കിയ തിയതി |
|---|---|---|---|
| 2012-13 | 23-07-2013 | 15-ാംനമ്പർ | 29-07-2013 |

### 1-4 നികുതി വരവുകൾ

വാർഷിക കണക്കുകൾ പ്രകാരം പ്രധാന നികുതി വരവുകൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | വരവ് | 31-3-2013 ൽ കടിശിക | പിരിവ് ശതമാനം |
|---|---|---|---|---|
| 1 | വസ്തുനികുതി | 920021 | 507741 | 64% |
| 2 | തൊഴിൽ നികുതി | 628150 | 9359 | 98.5% |

കെട്ടിടനികുതിയിനത്തിൽ കുടിശികയായിട്ടുള്ള തുക പിരിച്ചെടുക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കുടിശിക വരാതെ യഥാസമയം പിരിവുകൾ നടത്തി ഈയിനത്തിലെ തുകകൾ കാലഹരണപെടാതെ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-5 പദ്ധതി നിർവ്വഹണം

ഗ്രാമപഞ്ചായത്തിന് തൻവർഷം പദ്ധതി വിഹിതത്തിൻെറ 53.93% മാത്രമാണ് ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളത്. വി.ഇ.ഒ, വെറ്ററിനറി സർജൻ, കൃഷി ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ 25% ൽ താഴെ മാത്രമാണ് ചെലവ് നടത്തിയിട്ടുള്ളത്. ജില്ലായിലെ മലയോര കുടുബങ്ങളിലെ ഏറെ പേരും പട്ടയഭൂമിയില്ലാത്ത കർഷകരായതിനാൽ സർക്കാർ തലത്തിൽ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് കാർഷികമേഖലയിലെ പദ്ധതികൾ നടപ്പാക്കുന്നതിൽ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്നു. മരാമത്തുവേലകൾ ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയതിൽ അപാകതകൾ ഉള്ളതായും കാണുന്നു. വിശദവിവരം റിപ്പോർട്ടിന്റെ ഭാഗം മൂന്നിൽ കൊടുക്കുന്നു.

**<u>വാർഷിക പദ്ധതി</u>**

ഗ്രാമപഞ്ചായത്തിന്റെ 2012-13 വാർഷിക പദ്ധതിക്ക് 20-04-2012ൽ കൂടിയ ജില്ല ആസൂത്രണ സമിതിയുടെ 950/12/ഡി.പി.ഒ/ഡി.പി.സി നമ്പർ പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ആകെ പ്രോജക്ടുകളിലായി തൻവർഷത്തിൽ ₹4,58,72,407/-യുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട് പദ്ധതികളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| **വിഭാഗം** | **ആവിഷ്കരിച്ച പ്രോജക്ടുകളുടെ എണ്ണം** | **നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം** |
|---|---|---|
| പൊതു വിഭാഗം | 166 | 91 |
| പ്രത്യേക ഘടക പദ്ധതി | 20 | 12 |
| പട്ടികവർഗ്ഗ വിഭാഗം | 18 | 8 |

വിവിധ വിഭാഗങ്ങളിലായി വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| **സ്രോതസ്** | **വകയിരുത്തിയ തുക** | **ചെലവഴിച്ച തുക** |
|---|---|---|
| **<u>വികസന ഫണ്ട്</u>** | | |
| പൊതുവിഭാഗം | 8891852 | 7312387 |
| പ്രത്യേക ഘടക പദ്ധതി | 4097774 | 1933751 |
| പട്ടികവർഗ്ഗ വിഭാഗം | 3246651 | 1487814 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5523188 | 2947884 |
| ലോകബാങ്ക് ധനസഹായം | 3242863 | 2580548 |
| **<u>മെയിന്റനൻസ് ഗ്രാന്റ്</u>** | | |
| റോഡ് | 6043643 | 5216077 |
| റോഡിതരം | 3051740 | 1300279 |
| കേന്ദ്രാവിഷ്കൃതം | -- | -- |
| സംസ്ഥാനാവിഷ്കൃതം | -- | -- |
| തനത് ഫണ്ട് | 814640 | 486350 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1148000 | -- |
| ജില്ലാ പഞ്ചായത്ത് വിഹിതം | 4000000 | 175511 |
| മറ്റുള്ളവ | 5812056 | 1300346 |
| **ആകെ** | **45872407** | **24740947** |

വിവിധ മേഖലകളിലായി വകയിരുത്തിയ തുകയുടെയും അവയുടെ ചെലവിന്റെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| **മേഖല** | **വകയിരുത്തിയ തുക** | **ചെലവഴിച്ച തുക** |
|---|---|---|
| പൊതുവിഭാഗം | 37684512 | 21174732 |
| പ്രത്യേക ഘടക പദ്ധതി | 4791244 | 2078401 |
| പട്ടികവർഗ്ഗ വിഭാഗം | 3396651 | 1487814 |
| മേഖലയിൽ ഉൾപ്പെടാത്തവ | -- | -- |
| **ആകെ** | **45872407** | **24740947** |

വികസന ഫണ്ട് ഉൾപ്പെടെ ഗ്രാമപഞ്ചായത്തിന് ലഭിച്ച ഫണ്ടിനങ്ങളുടെ വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| പൊതുവിഭാഗം | 1451852 | 7440000 | 8891852 | 7312387 | 1579465 |
| എസ്.സി.പി | 1984774 | 2113000 | 4097774 | 1933751 | 2164023 |

| | | | | | |
|---|---|---|---|---|---|
| ടി.എസ്.പി | 186401 | 2221000 | 3407401 | 1487814 | 1919587 |
| ധനകാര്യ<br><br>കമ്മീഷൻ ഗ്രാന്റ് | 633386 | 4735000 | 5368386 | 2947884 | 2420502 |
| ലോക ബാങ്ക് | 420863 | 2822000 | 3242863 | 2580548 | 662315 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 729643 | 5314000 | 6043643 | 5216077 | 827566 |
| റോഡിതരം | 816740 | 2235000 | 3051740 | 1300279 | 1751461 |
| **ആകെ** | **7223659** | **26880000** | **34103659** | **22778740** | **11324919** |

പന്ത്രണ്ടാം പദ്ധതിയുടെ ചെലവ് പത്രികയിൽ പദ്ധതി കണക്കിൽ ഉണ്ടായിരുന്ന വ്യതിയാനം 01.04.2013 ൽ ക്രമീകരിച്ചിട്ടുണ്ട്.

## 1-6 ഗ്രാമസഭ/ഊരുക്കൂട്ടം.

ഗ്രാമപഞ്ചായത്തിലെ 16വാർഡുകളിലും ഗ്രാമസഭകളും , 5 ഊരുക്കൂട്ടങ്ങളും നിയമാനുസൃതമായി യോഗം ചേർന്നിട്ടുണ്ട്. പൊതുവേ സമ്മേളനങ്ങളിൽ ക്വാറം മാത്രം തികഞ്ഞിട്ടുള്ളതായി കാണുന്നു. എന്നാൽ ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും കുറവായിരുന്നു.

## 1-7 വർക്കിംഗ് ഗ്രൂപ്പ്.

പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾക്കായി 12 ഗ്രൂപ്പുകളും സജീവമായി സമ്മേളിച്ചിട്ടുണ്ട്. എല്ലാ വിഭാഗത്തിന്റെയും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി പ്രവർത്തനകമ്മറ്റിയും ചേർന്നിട്ടുണ്ട്.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി ഫ്രണ്ട് ഓഫീസ് സംവിധാനവും പ്രവർത്തിക്കുന്നു. ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ജീവനക്കാരുടെ ജോലികൾ ക്രമപ്പെടുത്തിയിട്ടുണ്ട്. ഫയലുകളും രജിസ്റ്ററുകളും തൃപ്തികരമായി സൂക്ഷിക്കുന്നു.

## 1-9 പദ്ധതി നിർവ്വഹണത്തിലെ നേട്ടങ്ങളും കോട്ടങ്ങളും

ഓഡിറ്റ് വർഷത്തിൽ 204 പദ്ധതികൾ ആവിഷ്കരിച്ചുവെങ്കിലും 111 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. വിവിധ ധനസ്രോതസുകളിലായി ലഭ്യമാക്കിയ ₹45872407/- വകയിരുത്തിയതിൽ ₹24740947/- മാത്രമാണ് ചെലവഴിച്ചത്. മരാമത്ത് പ്രവൃത്തികളിൽ പദ്ധതി നിർവ്വഹണത്തിനായി ആവശ്യമായ സമയം ലഭ്യമാകാത്തതിനാൽ പദ്ധതികൾ നിർവ്വഹിക്കുന്നതിലും പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലും അപാകതകൾ സംഭവിച്ചിട്ടുണ്ട്. ആയതിനാൽ മരാമത്ത് വേലയിലെ ഗുണമേന്മ നിലനിർത്തുന്നതിൽ പാളിച്ചകൾ വന്നിട്ടുണ്ട്. മറ്റിതര മേഖലകളിലെ പദ്ധതി നിർവ്വഹണം വിജയപ്രദമാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല

ഗ്രാമ പഞ്ചായത്തിന്റെ പ്രധാന നികുതി വരുമാനമായ വസ്തുനികുതി കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിൽ വീഴ്ച വന്നിരിക്കുന്നു. 2012-13 വർഷം വസ്തു നികുതി ഡിമാന്റ് 1427762 രൂപയും കളക്ഷൻ 920021 രൂപയുമാണ്. 64 ശതമാനം വസ്തുനികുതി മാത്രമാണ് പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടുള്ളത്. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് ആവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സാനിറ്ററി യൂണിറ്റ് നിർമ്മാണം-നിയമാനസൃതമായ പ്രവർത്തനം നടത്തിയിട്ടില്ല. ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം.വി.ഇ.ഒ

പദ്ധതി നം.18/2013,അടങ്കൽ.₹128000/-(വികസന ഫണ്ട് 56000/-മറ്റുള്ളവ 72000/-)

ബിൽ നം.8/12-13 /25.3.2013 തുക.₹56000/-

പ്രായപൂർത്തിയായ പുരുഷന്മാരില്ലാത്തതും സ്ത്രീ കുടുബനാഥയുമായുള്ള 16 ഗുണഭോക്താക്കൾക്ക് മേൽ പദ്ധതിയുടെ മാർഗ്ഗരേഖപ്രകാരം ഇരട്ടക്കുഴി കക്കൂസ്, മലിനജലം ഒഴുകി പോകുന്നതിനുള്ള സോക്ക് പിറ്റ്, ജൈവമാലിന്യ സംസ്കരണ കംപോസ്റ്റ് പിറ്റ് എന്നിവ നിർമ്മിക്കുന്നതിന് ഗുണഭോക്താവ് ഒന്നിന് ₹8000/-സബ്സിഡി നൽകുന്നതിന് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നു. എന്നാൽ കക്കൂസ് നിർമ്മാണം മാത്രം പൂർത്തിയാക്കിയെന്നുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പ്രകാരം ഗുണഭോക്താവ് ഒന്നിന്₹ 3500/- സബ്സിഡി അനുവദിച്ചുകൊണ്ട് പദ്ധതി അവസാനിപ്പിച്ചു. ഇപ്രകാരം പദ്ധതി അവസാനിപ്പിച്ചതിലൂടെ 25.8.2012 ലെ സ.ഉ (കൈ) 229/2012 മാർഗ്ഗരേഖപ്രകാരമുള്ള മലിനജലം ഒഴുകി പോകുന്നതിനുള്ള സോക്ക് പിറ്റ്, ജൈവമാലിന്യ സംസ്കരണ കംപോസ്റ്റ് പിറ്റ് എന്നിവയുടെ നിർമ്മാണ പ്രവർത്തനം നടത്തിയിട്ടില്ല. ചെലവ് വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പേര് വിവരം | ഡി.ഡി നം/ തീയതി |
|---|---|---|
| 1 | ഭവാനി തങ്കപ്പൻ തെക്കേടത്ത് അഞ്ചുരുളി | 149938/26.3.2013 |
| 2 | ഷീലാമ്മ വിൽസൺ തകിടിയേൽ കിടങ്ങുഭാഗം | 149941/26.3.2013 |
| 3 | ഉഷാ ഷാജി വെള്ളിക്കര നരിയംപ്പാറ | 149940/26.3.2013 |
| 4 | സാലി കുര്യൻ ആലുങ്കൽ സ്വരാജ് | 149948/26.3.2013 |
| 5 | അമ്മിണി ഗോപി പുളിമൂട്ടിൽ മുരിക്കാട്ടുകുടി | 149934/26.3.2013 |
| 6 | ഗ്രേസി മാത്യു കക്കുഴിയിൽ പെരിയോൻകവല | 149947/26.3.2013 |
| 7 | ജാനമ്മ കേശവൻ മുണ്ടപ്ലാക്കൽ കാക്കാട്ട്കട | 149939/26.3.2013 |
| 8 | ബീനാ ജെയിംസ് പ്ലാക്കൽ മേപ്പാറ | 149944/26.3.2013 |
| 9 | ലീലാമ്മ പോൾ കുന്നകാട് പേഴുംക്കണ്ടം | 149937/26.3.2013 |
| 10 | ലിജി സാബു കല്ലുവെട്ടത്ത് കൽത്തൊട്ടി | 149945/26.3.2013 |
| 11 | മോളി സാബു ചെന്തിരാനിക്കൽ നരിയംപാറ | 149943/26.3.2013 |
| 12 | ആൻസി ജെയിംസ് പാലക്കൽ കൽത്തൊട്ടി | 149942/26.3.2013 |
| 13 | തങ്കമണി സുകുമാരൻ കൊച്ചുകല്ലിൽ മറ്റപ്പിള്ളി | 149935/26.3.2013 |
| 14 | കുട്ടിയമ്മ ജോർജ് തോണക്കര കൽത്തൊട്ടി | 149946/26.3.2013 |
| 15 | ഗ്രേസി പത്രോസ് ഈട്ടിക്കൽ കോഴിമല | 149949/26.3.2013 |
| 16 | ത്രേസ്യാമ്മ ജോർജ് പുതിയകുന്നേൽ പാലാക്കട | 149936/26.3.2013 |

മേൽ നിരീക്ഷണത്തിനുള്ള ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ശുചിത്വ മിഷനിൽ നിന്നും തുക ലഭ്യമാകുന്ന മുറക്ക് പദ്ധതി പൂർത്തികരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും പദ്ധതി തുടങ്ങിയിട്ട് രണ്ട് സാമ്പത്തിക വർഷം കഴിഞ്ഞിട്ടും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം പദ്ധതി പൂർത്തികരിക്കാത്തതിനാൽ₹56000/യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം അനുവദിച്ച ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം.വി.ഇ.ഒ

പദ്ധതി നം.17/2013,അടങ്കൽ.₹400000/-

ബിൽ നം.2/12-13 /15.3.2013 തുക.₹80000/-

ബിൽ നം.5/12-13 /23.3.2013 തുക.₹120000/-

മേൽ പദ്ധതിയിൽ വീട് അറ്റകുറ്റപ്പണിക്ക് ഗുണഭോക്താവിന് വാല്യൂവേഷൻ സാക്ഷ്യപത്രം ഇല്ലാതെ₹ 25000/- ധനസഹായം അനുവദിച്ചിട്ടുണ്ട്. വീടിന് നടത്തിയ അറ്റകുറ്റപ്പണിയുടെ വാല്യൂവേഷൻ എടുത്തശേഷം ആയിരിക്കണം സബ്സിഡി നൽകേണ്ടതെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 25-8-2012 ലെ സ.ഉ (കൈ) 229/12 ഖ.3-6 പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ താഴെ പറയുന്ന ഗുണഭോക്താവിന് ഇപ്രകാരമുള്ള സാക്ഷ്യപത്രമില്ലാതെ ധനസഹായം നൽകിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് | തുക | ഡി.ഡി നം /തീയതി |
|---|---|---|
| ശ്രീ.ഉമ്മൻ സ്കറിയ പളനിക്കുന്നേൽ കൽത്തൊട്ടി | 10000/-<br><br>15000/- | 147805/15.03.2013<br><br>149266/29.03.2013 |
| **ആകെ** | **25000/-** | |

ആവശ്യമായ രേഖകളുടെ അഭാവത്തിൽ ₹ 25000/-യുടെചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 കർഷകർക്ക് ജലസേചന പമ്പ് സെറ്റ് വിതരണം (എസ്.സി.പി) ആവശ്യമായ രേഖകളില്ലാതെ ധനസഹായം അനുവദിച്ചു.ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ:- കൃഷി ഓഫീസർ

പ്രോജക്റ്റ് നം. 38/2013 അടങ്കൽ രൂ.4,80,000/-

ബിൽ.നം.2/12-13/30.3.2013₹1,33,950/-

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 25.8.2012 ലെ സ.ഉ (കൈ) 229/2012 ഖ.3.1(7) പ്രകാരം 50 സെന്റ് കൃഷി സ്ഥലവും ജലസേചന സ്രോതസും ഉള്ളവർക്ക് മാത്രമേ പമ്പ് സെറ്റ് അനുവദിക്കാവൂയെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ധനസഹായം അനുവദിച്ച 19 ഗുണഭോക്തക്കളുടെ ജലസേചനസ്രോതസ് ഉണ്ടെന്ന് കാണിക്കുന്ന രേഖയും 16ഗുണഭോക്താക്കളുടെ 50 സെന്റ് സ്ഥലമുണ്ടന്നുള്ള രേഖയും ലഭ്യമാക്കിയിട്ടില്ല. കൂടാതെ സബ്സിഡി കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ നൽകണമെന്ന് നിഷ്കർഷിച്ചിരിക്കെ പമ്പ് സെറ്റ് വാങ്ങിയ സ്ഥാപനത്തിലേക്ക് ഗുണഭോക്താവ് ഒന്നിന് ₹7,050/- വീതം പണമായി ആകെ₹1,33,950/- നൽകിയിരിക്കുന്നു.മേൽ അപാകതകളാൽ ചെലവ് തടസ്സപ്പെടുത്തുന്നു.വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ.നം | പേരു് വിവരം | പെർമിറ്റ് നം./തീയതി | ബിൽ.നം./തീയതി |
|---|---|---|---|
| 1 | മോളി തങ്കച്ചൻ | കെ.സി.ആർ. ജെ.പി 1/12-13 | 3379/28.3.2013 |
| 2 | കെ.കെ.രാജൻ | കെ.സി.ആർ. ജെ.പി 2/12-13 | 3380/28.3.2013 |
| 3 | കുഞ്ഞൂഞ്ഞ് | കെ.സി.ആർ. ജെ.പി 3/12-13 | 3381/28.3.2013 |
| 4 | ഷൈല രാജു | കെ.സി.ആർ. ജെ.പി 4/12-13 | 3382/28.3.2013 |
| 5 | ഷൈനി അനീഷ് | കെ.സി.ആർ. ജെ.പി 5/12-13 | 3383/28.3.2013 |
| 6 | രാജമ്മ കൊച്ച് | കെ.സി.ആർ. ജെ.പി 6/12-13 | 3384/28.3.2013 |
| 7 | ബാബു | കെ.സി.ആർ. ജെ.പി 7/12-13 | 3385/28.3.2013 |
| 8 | ബിന്ദു സുകുമാരൻ | കെ.സി.ആർ. ജെ.പി 8/12-13 | 3386/28.3.2013 |
| 9 | വിലാസിനി | കെ.സി.ആർ. ജെ.പി 9/12-13 | 3387/28.3.2013 |
| 10 | ഈശ്വരൻ | കെ.സി.ആർ. ജെ.പി 10/12-13 | 3388/28.3.2013 |
| 11 | ഉഷ സുരേഷ് | കെ.സി.ആർ. ജെ.പി 11/12-13 | 3389/28.3.2013 |
| 12 | രാധമണി | കെ.സി.ആർ. ജെ.പി 12/12-13 | 3390/28.3.2013 |
| 13 | രാജപ്പൻ പി.കെ | കെ.സി.ആർ. ജെ.പി 13/12-13 | 3391/28.3.2013 |
| 14 | രാജമ്മ കെ | കെ.സി.ആർ. ജെ.പി 14/12-13 | 3392/28.3.2013 |
| 15 | സുകുമാരൻ | കെ.സി.ആർ. ജെ.പി 15/12-13 | 3393/28.3.2013 |
| 16 | റെജി ഗോപി | കെ.സി.ആർ. ജെ.പി 16/12-13 | 3394/28.3.2013 |
| 17 | ശാരദ ബാബു | കെ.സി.ആർ. ജെ.പി 17/12-13 | 3395/28.3.2013 |
| 18 | ശ്രീധരൻ കെ.കെ | കെ.സി.ആർ. ജെ.പി 18/12-13 | 3396/28.3.2013 |
| 19 | കുഞ്ഞ് സി.കെ | കെ.സി.ആർ. ജെ.പി 19/12-13 | 3397/28.3.2013 |

## 3-4 ഫയലുകളും രേഖകളും ലഭ്യമാക്കിയിട്ടില്ല. ചെലവ് തടസ്സപ്പെടുത്തുന്നു.

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ആശ്രയ പദ്ധതിക്കായി (പദ്ധതി നം.207/2013)ബിൽ നം. 11/12-13 തീ.26.3.2013 പ്രകാരം ₹85000/-(₹ 51250/-(പണം)+₹33750/-(ഡി.ഡി))പിൻവലിച്ചിട്ടുണ്ട്.ആയതിന്റെ ഫയലുകളും രജിസ്റ്ററുകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ ₹85000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നമുറക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-5 മരാമത്ത് പ്രവർത്തികൾ - പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ സമയം ലഭ്യമാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ നിർവ്വഹണോദ്യോഗസ്ഥനായ അസി .എൻജിനിയറുടെ 2012-13 വർഷത്തെ ആകെ പദ്ധതി ചെലവായ 13475943/- രൂപയിൽ 9459256/-രൂപയും(70.19%) ചെലവഴിച്ചിട്ടുള്ളത് മാർച്ച് മാസത്തിലാണ്. ഇതിൽ തന്നെ ₹5395328/- (40.03%) ചെലവഴിച്ചിട്ടുള്ളത് 30.3.13, 31.3.13 എന്നീ രണ്ട് ദിവസങ്ങളിലായാണ്. പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ഒരു വർഷത്തോളം കാലയളവുണ്ടായിരുന്നിട്ടും പ്രസ്തുത തുക മുഴുവനും ഇത്തരത്തിൽ പിൻവലിച്ചിട്ടുള്ളത് പദ്ധതി നിർവ്വഹണത്തിലെ അപാകതയായി കാണുന്നു. ഇതിൽ നിന്നും മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിന് ആവശ്യമായ സമയം ലഭ്യമാക്കുന്നില്ല എന്നത് വ്യക്തമാകുന്നു. മരാമത്ത് പ്രവർത്തികളുടെ പൂർത്തീകരണത്തിന് ആവശ്യമായ സമയം ലഭ്യമാക്കാത്ത പക്ഷം ആയത് പ്രവർത്തികളുടെ ഗുണമേന്മയെ സാരമായി ബാധിക്കുന്നതാണ്.പദ്ധതികളുടെ നിർവ്വഹണത്തിന് ആവശ്യമായ സമയം ലഭ്യമാകത്തക്ക വിധത്തിൽ പദ്ധതികൾ തയ്യാറാക്കി യഥാസമയം നടപ്പാക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥരും ഭരണസമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-6 റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ - കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ നിർവ്വഹണോദ്യോഗസ്ഥനായ അസി . എഞ്ചിനിയറുടെ 2012-13 വർഷത്തെ ആകെ പദ്ധതി ചെലവായ 13475943/- രൂപയിൽ 9017999/- രൂപയും (66.92%) ചെലവഴിച്ചിട്ടുള്ളത് റോഡുകളുടെ നിർമ്മാണ/പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കാ യാണ്. എന്നാൽ ജി.ഒ(എം.എസ്.)128/2007/ തസ്വഭവ /14.7.07 (ഖ:5-12) അനുശാസിക്കും പ്രകാരമുള്ള കണക്ടിവിറ്റി പ്ലാൻ ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന എല്ലാ റോഡുകളുടെയും ഒരു ശ്യംഖല , അതായത് ഹൈവേയും, മേജർ ജില്ലാറോഡുകളുമായും ബന്ധിപ്പിക്കുന്നതും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങൾ വരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കേന്ദ്ര ശ്യംഖല തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്. ഈ പ്ലാനിൽ നിലവിലുള്ള റോഡുകളുടെ വിപുലീകരണവും, അറ്റകുറ്റപണികളും പുതിയ റോഡുകളുടെ നിർമ്മാണം സംബന്ധിച്ചുള്ള ഘടകവും ഉൾക്കൊള്ളിക്കേണ്ടതാണ്. അതിനുശേഷം ഈ മേഖലയിലെ വിദഗ്ദ്ധരുടെ ഒരു യോഗം വിളിച്ച് ചേർത്ത് മാനദണ്ഡങ്ങളെ ആധാരമാക്കി മുൻഗണനാക്രമം നിശ്ചയിച്ചു വേണം പ്രവ്യത്തികൾ ഏറ്റെടുക്കേണ്ടത്. എന്നാൽ കണക്ടിവിറ്റി പ്ലാനിന്റെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് മുൻഗണനാക്രമം നിശ്ചയിച്ചിരുന്നതായി കാണുന്നില്ല. നിശ്ചയിച്ചിരുന്നുവെങ്കിൽ എന്തടിസ്ഥാനത്തിൽ തുടങ്ങിയെന്ന വിവരങ്ങളും ലഭ്യമല്ല. ദീർഘ വീക്ഷണത്തോടെ കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കി റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 മരാമത്ത് പ്രവ്യത്തികൾ - ഏറ്റെടുത്ത പ്രവ്യത്തികളിൽ തൻവർഷം നിർവ്വഹണം നടത്തിയത് 59% മാത്രം. പട്ടിക വർഗ്ഗമേഖല പാടെ അവഗണിക്കപ്പെട്ടു.

സ്പിൽ ഓവറുൾപ്പെടെ 149 പദ്ധതികൾക്കായി ₹22957254/- വകയിരുത്തിയിരുന്നെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനിയർ തൻവർഷം നിർവ്വഹണം നടത്തിയത് 69 പദ്ധതികൾ മാത്രമാണ്. ഏറ്റടുത്ത പദ്ധതികളിൽ 46.31% മാത്രമാണ് തൻവർഷം നിർവ്വഹിച്ചിട്ടുള്ളത്. ആകെ പദ്ധതി ചെലവ് 59% മാത്രമാണ്.പട്ടിക വർഗ്ഗ മേഖലയിൽ 10 പ്രവൃത്തികൾ ഏറ്റടുത്തിരുന്നെങ്കിലും 2 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. ചെലവ് 15.18%. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വിഭാഗം | പദ്ധതികളുടെ എണ്ണം | | തുകയുടെ വിവരം | | |
|---|---|---|---|---|---|
| | അംഗീകരിച്ചത് | നടപ്പാക്കിയത് | വകയിരുത്തിയത് | ചെലവഴിച്ചത് | ശതമാനം |
| ജനറൽ | 29 | 9 | 2904125 | 1641533 | 56.52% |
| എസ്.സി.പി | 11 | 6 | 1075459 | 474801 | 44.14% |
| ടി.എസ്.പി | 10 | 2 | 1622403 | 246300 | 15.18% |
| ആകെ(എല്ലാ വിഭാഗവും ഉൾപ്പെടെ) | 149 | 69 | 22957254 | 13475943 | 58.70% |

അംഗീകരിച്ച പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാനും, പ്രത്യേക ഘടക പദ്ധതികൾക്ക് ആവശ്യമായ പ്രാധാന്യം നൽകുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-8 ഗുണഭോക്തൃസമിതി മുഖേനയുള്ള കുടിവെള്ള പദ്ധതികൾ - എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ.

ഗ്രാമപഞ്ചായത്തിലെ ഗുണഭോക്ത്യസമിതി മുഖേന നടപ്പാക്കിയിട്ടുള്ള കുടിവെള്ള പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതിൽ പമ്പ്സെറ്റുകൾ, കേബിളുകൾ, പാനൽ ബോർഡ് എന്നിവയുടെ വില കാണിച്ചിട്ടുള്ളത് ഗുണഭോക്ത്യസമിതികൾ ഹാജരാക്കിയിട്ടുള്ള ക്വട്ടേഷൻ നിരക്കനുസരിച്ചാണ്. എസ്റ്റിമേറ്റിൽ ക്വട്ടേഷൻ പ്രകാരമെന്ന് രേഖപ്പെടുത്തിയിട്ടുമുണ്ട്. അളവ് ബുക്കിലും ഇപ്രകാരം രേഖപ്പടുത്തിയാണ് തുക നൽകിയിട്ടുള്ളത്.

ഇത്തരത്തിൽ ലഭിക്കുന്ന ക്വട്ടേഷൻ നിരക്കനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമൂലം പല പ്രവ്യത്തികളിലും ഒരേ സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങൾക്ക് വിവിധ നിരക്കുകൾ (ക്വട്ടേഷനിലെ രേഖപ്പെടുത്തലുകൾക്കനുസ്യതമായി) നൽകുവാനുള്ള സാഹചര്യം ഉണ്ടാകുന്നു. ആയതിനാൽ ഇത്തരം ഇനങ്ങളിൽ മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിൽ ഒബ്സർവ്ഡ് ഡേറ്റാ കണക്കാക്കി ഏകീക്യതമായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 മരാമത്ത് പ്രവർത്തികൾ - പൊതുന്യൂനതകൾ.

ഗ്രാമപഞ്ചായത്തിലെ അസി.എൻജിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2012-13 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) നിർദ്ദിഷ്ട മാത്യകയിലുള്ള ക്യാഷ് ബുക്ക് ( TR 7A ) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(2)ഏറ്റെടുത്ത പദ്ധതികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ പ്രോജക്ട് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

(3) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവർത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(4) ടെണ്ടർ ഫോം രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പടുത്തിയിട്ടില്ല.

(5) ഗുണഭോക്ത്യ സമിതി മുഖേന നടപ്പാക്കുന്ന പ്രവർത്തികളിൽ ആവശ്യമായ നടപടി ക്രമങ്ങൾ (പൊതുമരാമത്ത് ചട്ടങ്ങളിലെ വകുപ്പ് 13 പ്രകാരം) പാലിക്കപ്പെടുന്നില്ല.യഥാസമയം പ്രവർത്തി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

(6)എഗ്രിമെന്റ് രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തിട്ടില്ല.

(7)കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല.

(8)ഡെപ്പോസിറ്റ് ,മുൻകൂർ രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.

(9)ഒടുക്കേണ്ട നികുതികൾ,ക്ഷേമനിധി വിഹിതം എന്നിവയുടെ വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

(10)മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി 25.11.14ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.1) തുടർ വർഷങ്ങളിൽ അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 3-10 കുടുംബശ്രീ-എസ്.റ്റി.ആശ്രയ ഫണ്ട് വിനിയോഗം-പോരായ്മകൾ

പഞ്ചായത്തിൽ എസ്.റ്റി വിഭാഗത്തിൽപെട്ടവർക്കായി ആവിഷ്കരിക്കപ്പെട്ട് 2010-13 കാലയളവിൽ നടപ്പാക്കാനായി അംഗീകാരം നേടിയ ആശ്രയ പദ്ധതിയുടെ ധനകാര്യ വിശകലനം താഴെ കൊടുക്കുന്നു.

| ക്ര.നം | ഇനം | കുടുംബശ്രീ | പഞ്ചായത്ത് | സന്നദ്ധസംഘടന | ആകെ |
|---|---|---|---|---|---|
| 1 | ഭക്ഷണം | 934960 | | | 934960 |
| 2 | മരുന്ന് | 1050000 | | | 1050000 |
| 3 | വസ്ത്രം | | | 150000 | 150000 |
| 4 | പെൻഷൻ | | 874800 | | 874800 |
| 5 | വീട് | | 5000000 | | 5000000 |
| 6 | കുടിവെള്ളം | | 370000 | | 370000 |
| 7 | മെയിന്റനൻസ് | | 360000 | | 360000 |
| 8 | കക്കൂസ് | | 140000 | | 140000 |
| 9 | തൊഴിൽ | 1075000 | | | 1075000 |
| 10 | വിദ്യാഭ്യാസം | 341000 | | | 341000 |
| 11 | വൈദ്യുതി | | 42000 | | 42000 |
| | ആകെ | 3400960 | 6786800 | 150000 | 10337760 |

ഗുണഭോക്താക്കളുടെ ആകെ എണ്ണം-100 ആണ്.കുടുംബശ്രീ മിഷന്റെ വിഹിതമായി വകയിരുത്തിയിരുന്ന 34,00,960 ഓഡിറ്റ് വർഷം ലഭിച്ചിട്ടുണ്ടെങ്കിലും 10,00,000 മാത്രമേ നിർവഹണത്തിനായി സി.ഡി.എസിന് കൈമാറിയിട്ടുള്ളൂ എന്നും അതിൽതന്നെ തൻവർഷം ചെലവായിട്ടുള്ളത് 39,705/-ആണെന്നും കാണുന്നു. ഈ കണക്കിൽ 13.06.2014 വരെ 7,07,793 മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത്. പഞ്ചായത്ത് വിഹിതമായി ചെലവഴിച്ചിട്ടുള്ള തുകയുടെ കൃത്യമായ കണക്ക് ലഭ്യമല്ല.പദ്ധതി രൂപീകരിച്ചിട്ടുള്ളതും തുകകൾ വകയിരുത്തിയിട്ടുള്ളതും യാഥാർത്ഥ്യ ബോധത്തോടെയായിരുന്നില്ല എന്ന് വ്യക്തമാണ്. നിലവിൽ കാലാവധി കഴിഞ്ഞിട്ടുള്ള ഈ പദ്ധതി അടിയന്തിര പ്രാധാന്യത്തോടെ പരിഷ്കരിച്ച് ഫലപ്രദമായി നടപ്പാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ (18 വയസ്സിനു മുകളിൽ) ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് പദ്ധതിയാണിത്. 2012-13 വർഷത്തെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

I. <u>രജിസ്ട്രേഷൻ, തൊഴിൽ ദിനങ്ങൾ എന്നിവയുടെ വിവരം</u>

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 997 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3496 |
| തൊഴിലിനപേക്ഷ നൽകിയ കുടുംബങ്ങളുടെ എണ്ണം | 2745 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2623 |
| ആകെ പ്രവൃത്തി ദിനങ്ങൾ | 162332 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവരുടെ എണ്ണം | 766 |

2. <u>ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ</u>

| | |
|---|---|
| ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | 361 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 361 |
| തൻവർഷം പൂർത്തിയാക്കിയത് | 281 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | - |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | 80 |

3.വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദ വിവരം

| ക്രമ നം. | ഇനവിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | ഭൂവികസന പ്രവർത്തനങ്ങൾ | 231 | 22634710 |
| 2 | വെള്ളപ്പൊക്ക നിയന്ത്രണം | 48 | 4357480 |
| 3 | ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 1 | 48840 |
| 4 | ജലസംരക്ഷണം | 1 | 46813 |
| | **ആകെ** | **281** | **27087843** |

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സാമ്പത്തിക നില

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എ | 5334424 | 16663328 | 21997752 | 13681836 | 8315916 |
| ബി | 0 | 6414430 | 6414430 | 6414430 | 0 |
| സി (റോഡിതരം) | 816740 | 2236051 | 3052791 | 1300279 | 1752512 |
| റോഡ് | 729643 | 5314000 | 6043643 | 5216077 | 827566 |
| ഡി | 3218629 | 4752004 | 7970633 | 5635033 | 2335600 |
| ഇ | 1476602 | 30420032 | 31896634 | 31099863 | 796771 |
| എഫ് | 8389023 | 6876913 | 15265936 | 8025137 | 7240799 |
| ജി | 0 | 0 | 0 | 0 | 0 |
| **ആകെ** | **19965061** | **72676758** | **92641819** | **71372655** | **21269164** |

1.'സി'ഫണ്ട് (റോഡിതരം)വരവ് തുകയിൽ ഓഡിറ്റ് പരാമർശ പ്രകാരം(ഏ.ജി) ഒടുക്കിയ ₹1051/ ഉൾപ്പെട്ടിട്ടുണ്ട്.

2.'ഡി'ഫണ്ട് വരവ് തുകയിൽ തനത് ഫണ്ടിലെ കളക്ഷൻ തുകയായ ₹9142/- ഉൾപ്പെട്ടിട്ടുണ്ട്.

3.'ഇ'ഫണ്ട്(തൊഴിലുറപ്പ് പദ്ധതി) വരവ് തുകയിൽ തനത്ഫണ്ടിനത്തിലെ ₹2850/-ഉൾപ്പെട്ടിട്ടുണ്ട്.

**നീക്കിരിപ്പിന്റെ വിശദാംശങ്ങൾ.**

| ട്രഷറി /ബാങ്ക് | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് തുക |
|---|---|---|
| ട്രഷറി | വി.പി.എഫ്-1 | 2335600 |
| ട്രഷറി | വി.പി.എഫ്-1(ii) | 12011 |
| ട്രഷറി | വി.പി.എഫ്-2 a | 1598146 |
| " | വി.പി.എഫ്-2 b | 2223353 |
| " | വി.പി.എഫ്-2 c | 1919587 |
| " | " -3 | 2580078 |
| " | " -4 | 2574830 |
| " | " -5 | 662315 |
| കാഞ്ഞിയാർ എസ്.സി.ബി | 21 | 6890696 |
| ,, | 4337 | 62628 |
| ,, | 6170 | 7938 |
| യൂണിയൻ ബാങ്ക് മാട്ടുക്കട്ട | 8196 | 126518 |
| ,, | 7148 | 275464 |
| **ആകെ മൊത്തം** | | **21269164** |

## 4-2 ഓഡിറ്റ് റിക്കവറി

| **റിപ്പോർട്ട് വർഷം** | **ഖണ്ഡിക** | **തിരികെ ഈടാക്കിയ തുക** | | **ഒടുക്കിയ ആളുടെ പേര് വിവരം** | **രസീതു നം/ തീയതി** | **ഏത് ഫണ്ടിൽ തിരിച്ചടച്ചു** | **ചലാൻ നം./ തീയതി** |
|---|---|---|---|---|---|---|---|
| | | വരവ് | ചെലവ് | | | | |
| 1993-94 | 17 | ഇല്ല | 284 | ശ്രീ.എസ് വിജയകുമാരൻപിള്ള | 21/3413/ 11-04-2012 | തനത് ഫണ്ട് | ഇല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| 2009-10 | 3-2 | | 1350 | ശ്രീമതി.ഗീതാ ഹരി | 1121610019 6/<br>20-12-2012 | തനത് ഫണ്ട് | |
| | ആകെ | | 1634 | | | | |

## 4-3 ഓഡിറ്റ് പ്രത്യാവലോകനം

**എ) സംക്ഷിപ്ത വിവരം**

| ഇനം | തുക |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് : | **72676758** |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് : | **71372655** |
| വരവിനങ്ങളിലുള്ള നഷ്ടം: | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം : | ഇല്ല |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക: | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക: | **2,99,950** |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.**

| ഖണ്ഡിക നം. | നഷ്ടമായ തുക | | തുക ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | -ഇല്ല- | | |

**സി) തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും,ഉദ്യോഗപേരും |
|---|---|---|
| 3-1 | 56000 | ശ്രീ.ജോസുകുട്ടി മാത്യു, വി.ഇ.ഒ |
| 3-2 | 25000 | -ടി- |
| 3-3 | 133950 | ശ്രീമതി.രശ്മി വിജയൻ,കൃഷി ഓഫീസർ |
| 3-4 | 85000 | ശ്രീ.ജോസുകുട്ടി മാത്യു, വി.ഇ.ഒ |
| **ആകെ** | **299950** | |

**ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.**

| ഖണ്ഡിക നം | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

**ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖണ്ഡിക നമ്പർ : 3-1,3-2,3-3,3-4,3-10

**എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായ**

**വരുടെ സ്ഥിരം മേൽവിലാസങ്ങൾ.**

| പേരും ഉദ്യോഗപേരും | ഇപ്പോഴത്തെ(ഓഡിറ്റ്നടന്ന സമയം)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം(പിൻ കോഡ് സഹിതം) |
|---|---|---|
| | ഇല്ല | |

**ജി) ഓഡിറ്റ് സംഗ്രഹം.**

2012-13സാമ്പത്തിക വർഷത്തെ ഓഡിറ്റിന് ആവശ്യമായ രേഖകൾ ലഭ്യമാക്കുവാനും,വിശദീകരണത്തിനുമായി 5എൻക്വയറികൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടികൾ ലഭ്യമായിട്ടുണ്ട്.

## 4-4 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവി | അഭിപ്രായകുറിപ്പുകൾ |
|---|---|---|

| | ലത്തെ കത്തിടപാടിന്റെ വിവരം | |
|---|---|---|
| 1968-69 | എൽ.എഫ്.ഐ-5/964/80/20.02.1997 | റിപ്പോർട്ടുകളിന്മേലുള്ള തടസ്സങ്ങൾ പരിഹരിക്കുവാൻ ശ്രദ്ധിക്കേണ്ട താണ് |
| 1975-76മുതൽ 1980-81 വരെ | എൽ.എഫ്.ഐ-5/215/97/20.02.1997 | |
| 1981-82 | എൽ.എഫ്.ഐ-5/815/83/20.02.1997 | |
| 1982-83 | എൽ.എഫ്.ഐ-5/485/86/20.02.1997 | |
| 1983-84 | എൽ.എഫ്.ഐ-5/848/87/20.02.1997 | |
| 1984-85 | എൽ.എഫ്.ഐ-5/599/89/20.2.1997 | |
| 1985-86 | എൽ.എഫ്.ഐ-5/598/89/20.2.1997 | |
| 1986-87 | എൽ.എഫ്.ഐ-5/139/91/20.2.1997 | |
| 1987-88 | എൽ.എഫ്.ഐ-5/112/92/15.04.1992 | |
| 1988-89,89-90 | എൽ.എഫ്.ഐ-5/694/92/15.02.1993 | |
| 1990-91,91-92 | എൽ.എഫ്.ഐ-5/646/93/16.04.1994 | |
| 1992-93 | എൽ.എഫ്.ഐ-5/463/94/06.01.1995 | |
| 1993-94 | എൽ.എഫ്.ഐ-5/179/95/14.08.1995 | |
| 1994-95 | എൽ.എഫ്.ഐ-5/34/96/22.03.1996 | |
| 1995-96 | എൽ.എഫ്.ഐ-6/640/99/21.01.2000 | |
| 1996-97 | എൽ.എഫ്.ഐ-6/149/98/30.06.1998 | |
| 1997-98 | എൽ.എഫ്.ഐ-6/723/99/28.09.2000 | |
| 1998-99 | എൽ.എഫ്.ഐ-6/261/2000/30.12.2000 | |
| 1999-2000 | എൽ.എഫ്.ഐ-6/198/2001/31.10.2001 | |
| 2000-2001 | എൽ.എഫ്.ഐ-6/81/2004/09.06.2004 | |
| 2001-2002 | എൽ.എഫ്.ഐ-6/282/2004/13.12.2003 | |
| 2002-2003 | എൽ.എഫ്.ഐ-6/386/2006/30.11.2006 | |
| 2003-2004 | എൽ.എഫ്.ഐ-8/227/2007/30.03.2007 | |
| 2004-2005 | എൽ.എഫ്.ഐ-8/877/2007/05.04.08 | |
| 2005-2006 | എൽ.എഫ്.ഐ-8/905/2007/11.04.2008 | |
| 2006-2007 | എൽ.എഫ്.ഐ-8/539/2008/03.11.2008 | |
| 2007-2008 | എൽ.എഫ്.ഐ-8/1003/2009/08.07.2010 | |
| 2009-2010 | എൽ.എഫ്.ഐ-9/976/2011/03.05.2012 | |
| 2010-2011 | എൽ.എഫ്.ഐ-9/129/2013/04.10.2013 | |
| 2011-2012 | എൽ.എഫ്.ഐ-9/1384/2013/11.07.2014 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-5 ചാർജ്/സർചാർജ് നോട്ടീസ്/സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുകയുടെ വിവരം

**എ) ചാർജ്/സർചാർജ് നോട്ടീസ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ ഈടാക്കിയ തുകയുടെ വിവരം**

| ക്രമനം | ഓ.റി വർഷം | ചാർജ് നോട്ടീസ് നം തീയതി | സർചാർജ് നോട്ടീസ് നം.തീയതി | നോട്ടീസ് പ്രകീരമുള്ള തുക | അടവാക്കിയ തുക | അടവാക്കിയ ആൾ രസീത്,തീയതി | ബാക്കി | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| ----ഇല്ല----- | | | | | | | | |

**ബി)ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവി**

**ച്ചതിന്റെ അടിസ്ഥാനത്തിൽ ഈടാക്കിയ തുകയുടെ വിവരം**

| ക്രമനം | ഓ.റി വർഷം | ചാർജ് സർട്ടി ഫിക്കറ്റ്നം തീയതി | സർചാർജ് സർട്ടിഫിക്കറ്റ്നം./ തീയതി | സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക | അടവാക്കിയ തുക | അടവാക്കിയ ആൾ രസീത്,തീയതി | ബാക്കി | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|

| | | | | | | | | ക്കിയ തുക | |
|---|---|---|---|---|---|---|---|---|---|
| ഇല്ല | | | | | | | | | |

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

ലോക്കൽ ഫണ്ട് ഓഡിറ്റ് , ഇടുക്കി ജില്ല